**DIRECTORATE OF GENERAL EDUCATION, ( HIGHER SECONDARY EXAMINATION WING)**
**HOUSING BOARD BUILDINGS, SANTHI NAGAR, THIRUVANANTHAPURAM.**

**FIRST YEAR HIGHER SECONDARY IMPROVEMENT/ SUPPLEMENTARY EXAMINATION, OCTOBER 2026**

# NOTIFICATION

**No. Ex-II-1/19693/HSE/2026 Dated : 22/08/2026**

The First Year Higher Secondary Improvement/ Supplementary Examination of 2026 will be conducted from 12/10/2026 to 17/10/2026 as per the time table appended. The Examination will be conducted at the Examination centres in Kerala, Lakshadweep and UAE.

## ELIGIBILITY

### 1. REGULAR CANDIDATES:

1) Candidates who have appeared for the First Year Higher Secondary Examination, March 2026 can register for this examination up to three subjects for improving his/her scores in those subjects.
2) Candidates who have registered for the First Year Higher Secondary Examination, March 2026, but could not attend the First Year Higher Secondary Examination, March 2026 due to various reasons can register for the subjects for which they were absent. In addition to registering for the absent papers such candidates can also register for improving the scores of upto three papers of the appeared subjects. For eg. a candidate who had appeared for four subjects at the First Year Higher Secondary Examination, March 2026 and was absent for the remaining two subjects can register for the two subjects for which he/she was absent and also register for improving the scores of any three subjects which he/she attended at the First Year Higher Secondary Examination, March 2026. A candidate who was absent for all six subjects at the First Year Higher Secondary Examination, March 2026 can register for all the six subjects. Regular candidates who have appeared for all six subjects at the First Year Higher Secondary Examination, March 2026 or this First Year Improvement/ Supplementary Examination, 2026 alone are eligible to register for the Second Year Higher Secondary Examination, March 2027**.**

### 2. LATERAL ENTRY CANDIDATES

Candidates admitted to the Second Year of the Higher Secondary course from other Boards/Institutions during 2026-2027 shall register and appear for all subjects in this supplementary Examination as lateral entry candidates. They shall undergo Continuous Evaluation in all six subjects of First Year of the Higher Secondary course. They shall be eligible for registering the Second Year Higher Secondary Examination March 2027 only if they appear for the First Year Higher Secondary Examination in all subjects, at this Examination.

3. **RE-ADMITTED CANDIDATES**

The candidates who cancelled their second year examination registration 2026 and re-admitted for the Second Year of the Higher Secondary Course in 2026-2027 shall be eligible for getting retained their scores obtained in the first year higher secondary examination previously. The candidate who cancelled the Second Year Examination should attend the TE,CE and practical examination as the scores previously obtained will be cancelled along with the examination cancellation.

4. **COMPARTMENTAL CANDIDATES**

Candidates who registered for the second year higher secondary examination for the first time from 2017 onwards and become ineligible for higher studies shall register for this examination. Compartmental candidates shall be eligible for one time registration for the first year and second year papers of the subjects for which they failed to attain D+ or above grade. Registration for the first year papers and the second year papers shall be made along as one time registration. Registration and attending for both the first year and second year paper is mandatory. The best score obtained by the candidate for those papers at the last appearance of first and second year examinations shall be carried forward. Candidates appearing for First Year Supplementary examination in Biology should attend both Botany and Zoology papers.

***The candidates coming under the above category termed, Compartmental candidates (only) shall be provided onetime registration for this Examination for the subjects they have to appear and the forth coming Second Year Higher Secondary Examination, March 2027.***

**5.Special Category Candidates**

Candidates who have completed the higher secondary course with a particular set of optional subjects and registered for the second year higher secondary examination and reappearing again for the higher secondary examination with a different set of optional subjects. Such candidates need not appear for those subjects in the new combination for which they have already became eligible during previous appearances. They shall register through SCOLE Kerala and undergo the CE, P E and T E for all the subjects for both years for which they are registering for the examination.

**SUBMISSION OF APPLICATIONS REGARDING**

Application duly filled in shall be submitted to the Principal of the school where the student is registered for the Examination previously along with prescribed fee. A passport-size photograph attested by the Principal should be pasted in the space provided in the application form. The candidates can have their application forms from their schools where they appeared for the previous Examination or from the School where they are studying. The Principals of the

respective schools should register the candidates at their centre for First Year Higher Secondary Improvement/Supplementary Examination, 2026, through online in the Department portal .The school authorities concerned should download the admission tickets of the candidates attending First Year Improvement/ Supplementary Examination, 2026 and distribute the same to the candidates atleast three days before the commencement of the Examination. The candidates on receipt of the admission tickets shall check and get the defect, if any rectified then and there. The notification is applicable to the SCOLE Kerala candidates also. Application form is common to all candidates. The Principals of the parent school shall receive the applications with enclosures, consolidate the data, prepare the nominal roll and question paper statement of the candidates attending the Examination and upload the details through Department Portal before the last date fixed for the same.

## FIRST YEAR HIGHER SECONDARY IMPROVEMENT / SUPPLEMENTARY EXAMINATION FEE

REGULAR/LATERAL ENTRY/RE-ADMISSION CANDIDATES

1. Fee for Examination - Rs.175/-per paper
2. Fee for Certificate - Rs.40/-

COMPARTMENTAL CANDIDATES

1. Fee for Supplementary Examination & Second Year Higher Secondary Examination March 2027 - Rs.225/- per paper

2. Fee for two Certificates - Rs. 80/-

REGULAR/LATERALENTRY/RE-ADMISSION / COMPARTMENTAL/SPECIAL CATEGORY CANDIDATES

Last date for submission of Application Form :10/09/2026

Last date for remittance of fee at the treasury by the Principals : 11/09/2026

:

Last date for submission of application with a fine of Rs.600/- : 15/09/2026

| | |
|---|---|
| Last date for remittance of fee with a fine of Rs.600/- at the treasury by the Principals | : 16/09/2026 |
| Last date for online registration of candidates & uploading of data through Department portal from the School | : 16/09/2026 |

The fee for the Examination should be remitted in the Government Treasury under the Head of Account **"0202-01-102-97(02) Exam Fees"** and fee for Certificate, should be remitted under the Head of Account **"0202-01-102-97 (03) Other Receipts".**

**<u>CANDIDATES OF GULF SCHOOLS</u>**

The candidates from Gulf region shall submit their application in the center where they had registered for the First Year Higher Secondary Examination previously. The candidates of Gulf region can appear for the examination at the UAE exam centre OR any one of the examination centres in Kerala where the Examination is conducted for the subject/subject combination in which the candidate has studied during the Higher Secondary Course. The Principal of the parent school/co-ordinator of Gulf region shall forward the details of students for prior sanction. The Principals of the parent school in Gulf region shall forward the details of the students along with the Question Paper requirement to the Examination Centres well in advance so as to enable the Principal of the Examination Centre to consolidate the question paper requirement and to upload the same before the last date prescribed for the same. The Principal of the parent school shall also forward the details of candidates who appear the examination in Kerala to jdexamdhse@gmail.com. ***The centre in the Gulf region is permitted on condition that the whole expense for conducting First Year Improvement/Supplementary exam shall be borne equally by all the Higher Secondary schools presenting candidates for the examination.***

**<u>CANDIDATES OF LAKSHADWEEP SCHOOLS</u>**

The candidates from Lakshadweep shall submit their application in the centre where they had registered for the First Year Higher Secondary Examination, March 2026. The candidates in Lakshadweep can appear for the Examination in centres provided in Lakshadweep where they

had appeared for March 2026 Examination. The Examination centres are allowed for the First Year Improvement/Supplementary Examination on condition that the entire responsibility regarding this Examination shall rest with the office of the Director of Education, Administration of Union territory of Lakshadweep.

**Sd/-**
**ASHRAF KOYILOTHAN KANDIYIL**
**CHAIRMAN**
**BOARD OF HIGHER SECONDARY EXAMINATIONS, KERALA,**
**&**
**DIRECTOR OF GENERAL EDUCATION**

**Sd /-**
**Dr.K.MANICKARAJ**
**SECRETARY**
**BOARD OF HIGHER SECONDARY EXAMINATIONS, KERALA**
**&**
**JOINT DIRECTOR [EXAMINATIONS]**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**

**(ഹയർസെക്കൻററി പരീക്ഷാവിഭാഗം), ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,**

**ശാന്തിനഗർ, തിരുവനന്തപുരം – 1**

**ഒന്നാംവർഷ ഹയർസെക്കൻററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ,ഒക്ടോബർ 2026**

2026–ലെ ഒന്നാംവർഷ ഹയർസെക്കൻററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ 12/10/2026 മുതൽ 17/10/2026 വരെ അനുബന്ധമായി ചേർത്തിരിക്കുന്ന ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്. കേരളത്തിനു പുറമേ ലക്ഷദ്വീപിലും യു.എ.ഇ–യിലും പരീക്ഷാ കേന്ദ്രങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**യോഗ്യത**

1. **റഗുലർ പരീക്ഷാർത്ഥികൾ**

1) മാർച്ച് 2026–ലെ ഒന്നാംവർഷ ഹയർ സെക്കൻററി പരീക്ഷയിൽ എഴുതിയിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും മൂന്നു വിഷയങ്ങൾക്ക് വരെ സ്കോർ മെച്ചപ്പെടുത്തുന്നതിനുവേണ്ടി (ഇംപ്രൂവ്മെൻറ്) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2) മാർച്ച് 2026–ലെ ഒന്നാം വർഷ ഹയർ സെക്കൻററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവരിൽ വിവിധ കാരണങ്ങളാൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്ക് അവർ ആബ്സൻറ് ആയ എല്ലാ വിഷയത്തിനും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 2026–ലെ ഒന്നാം വർഷ ഹയർ സെക്കൻററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ എഴുതാത്ത വിഷയങ്ങളുണ്ടെങ്കിൽ അവ എഴുതുന്നതിനും (സപ്ലിമെൻററി) എഴുതിയ വിഷയങ്ങളിൽ മൂന്നു വിഷയങ്ങൾ വരെ മെച്ചപ്പെടുത്തുന്നതിനു (ഇംപ്രൂവ്മെൻറ്) വേണ്ടിയും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉദാഹരണമായി മാർച്ച് 2026–ൽ നാലു പരീക്ഷകൾ എഴുതുകയും രണ്ടു പരീക്ഷയ്ക്ക് ഹാജരാകാൻ കഴിയാതെയുമിരുന്ന വിദ്യാർത്ഥികൾക്ക് ഹാജരാകാൻ സാധിക്കാതിരുന്ന രണ്ടു പരീക്ഷകളോടൊപ്പം ആവശ്യമെങ്കിൽ മൂന്ന് വിഷയങ്ങൾക്ക് വരെ ഇംപ്രൂവ് ചെയ്യുന്നതിനും അപേക്ഷിക്കാവുന്നതാണ്. ഒന്നാം വർഷ ഹയർ സെക്കൻററി പരീക്ഷയ്ക്ക് ഒരു വിഷയത്തിനും ഹാജരാകാത്തവർക്ക് ആറു വിഷയങ്ങൾക്കും ഈ പരീക്ഷയ്ക്ക് രജിസ്റ്റർചെയ്യാവുന്നതാണ്. റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ 2026 ലെ ഒന്നാം വർഷ ഹയർ സെക്കൻററി പരീക്ഷയിലോ ഈ സപ്ലിമെൻററി പരീക്ഷയിലോ ആറ് വിഷയങ്ങളും എഴുതിയിട്ടുണ്ടെങ്കിൽ മാത്രമേ മാർച്ച് 2027 ലെ രണ്ടാം വർഷ ഹയർ സെക്കൻററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.

2.**ലാറ്ററൽ എൻട്രി പരീക്ഷാർത്ഥികൾ**

മറ്റു പരീക്ഷാ ബോർഡുകളിൽ നിന്നും 2026–2027 ൽ രണ്ടാം വർഷ ഹയർ സെക്കൻററി കോഴ്സിലേക്ക് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ലാറ്ററൽ എൻട്രി പരീക്ഷാർത്ഥികളായി എല്ലാ വിഷയങ്ങൾക്കും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതും ഹാജരാകേണ്ടതുമാണ്. ടി വിദ്യാർത്ഥികൾ ഈ സപ്ലിമെൻററി പരീക്ഷ എഴുതിയാൽ മാത്രമേ 2027 ലെ രണ്ടാം വർഷ ഹയർ സെക്കൻററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇവർ ഈ പരീക്ഷയ്ക്ക് മുമ്പ് ഒന്നാം വർഷ ഹയർ സെക്കൻററി പാഠ്യപദ്ധതിയുടെ ഭാഗമായി എല്ലാ വിഷയത്തിനും നിരന്തര മൂല്യനിർണ്ണയത്തിന് വിധേയരാകേണ്ടതുമാണ്.

3. **<u>പുനഃപ്രവേശനം നേടിയ പരീക്ഷാർത്ഥികൾ</u>**

2026–2027 ൽ രണ്ടാം വർഷ ഹയർ സെക്കൻററി കോഴ്സിലേക്ക് പുനഃപ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടേയും, 2026 ലെ രണ്ടാം വർഷ ഹയർ സെക്കൻററി പരീക്ഷ റദ്ദ് ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടേയും ഒന്നാം വർഷ ഹയർ സെക്കൻററി പരീക്ഷയ്ക്ക് നേടിയിട്ടുള്ള സ്കോറുകൾ നിലനിർത്തുന്നതായിരിക്കും. ഈ വിഭാഗം വിദ്യാർത്ഥികൾക്കും ഹയർ സെക്കൻററി പരീക്ഷയുടെ ഭാഗമായ നിരന്തര മൂല്യനിർണ്ണയം, പ്രായോഗിക മൂല്യനിർണ്ണയം എന്നിവ ബാധകമായിരിക്കും. രണ്ടാം വർഷ ഹയർ സെക്കൻററി പരീക്ഷ റദ്ദ് ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ പ്രാക്ടിക്കലും റദ്ദ് ചെയ്യപ്പെടുമെന്നതിനാൽ തുടർന്നുള്ള രണ്ടാംവർഷ തിയറി പരീക്ഷയോടൊപ്പം പ്രാക്ടിക്കലിനും പങ്കെടുക്കേണ്ടതാണ്.

4. **<u>കമ്പാർട്ട്മെൻറൽ പരീക്ഷാർത്ഥികൾ</u>**

1) 2017 മുതൽ രണ്ടാം വർഷ പരീക്ഷക്ക് ആദ്യമായി രജിസ്റ്റർ ചെയ്തവരും എന്നാൽ ഉപരിപഠനത്തിന് യോഗ്യത നേടാൻ കഴിയാത്തതും ഹയർ സെക്കൻററി കോഴ്സ് പൂർത്തീകരിച്ചതുമായ വിദ്യാർത്ഥികൾക്ക് ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. കംപാർട്ട്മെൻറൽ വിഭാഗം വിദ്യാർത്ഥികൾക്ക് ഡി പ്ലസോ അതിനു മുകളിലോ സ്കോർ ലഭിക്കാത്ത വിഷയങ്ങളിൽ ഒന്നാം വർഷവും രണ്ടാം വർഷവും ഒറ്റത്തവണയായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒന്നും രണ്ടും വർഷ പേപ്പറുകളുടെ രജിസ്ട്രേഷനും ഹാജരും നിർബന്ധമാണ്. ഒന്നും രണ്ടും വർഷ പരീക്ഷ നിർബന്ധമായും എഴുതുകയും വേണം . തൻ വർഷം ഒന്നും രണ്ടും വർഷ പരീക്ഷ എഴുതി ലഭിക്കുന്ന മാർക്കിലെയും ടി വിദ്യാർത്ഥി ഏറ്റവും അവസാനം എഴുതിയ പരീക്ഷയുടെ മാർക്കിലെയും ബെറ്റർ സ്കോർ നല്കുന്നതാണ്. ബയോളജിയിലെ ബോട്ടണി, സുവോളജി എന്നിവയിൽ ഏതെങ്കിലും ഒരു വിഷയത്തിനു മാത്രമായി രജിസ്റ്റർ ചെയ്യാൻ കഴിയുന്നതല്ല .ബയോളജിയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പരീക്ഷാർത്ഥികൾ ബോട്ടണി പരീക്ഷയും സുവോളജി പരീക്ഷയും എഴുതേണ്ടതാണ്.

***കമ്പാർട്ട്മെൻറൽ വിദ്യാർത്ഥികൾക്ക് മാത്രം ഒന്നാം വർഷ ഇംപ്രൂവ്മെൻറ് പരീക്ഷയ്ക്ക് ഒറ്റത്തവണ രജിസ്ട്രേഷനാണ് നൽകുന്നത്. അവർ ടി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന വിഷയത്തിൽ, 2026-ലെ ഒന്നാം വർഷ സപ്ലിമെൻററി പരീക്ഷയ്ക്കും മാർച്ച് 2027-ലെ രണ്ടാം വർഷ പരീക്ഷയ്ക്കും രജിസ്റ്റർ ചെയ്യപ്പെടും.***

5.**<u>പ്രത്യേക വിഭാഗം വിദ്യാർത്ഥികൾ</u>**

ഏതെങ്കിലും ഒരു വിഷയ കോമ്പിനേഷനിൽ രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും കോഴ്സ് പൂർത്തിയാകുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മറ്റൊരു വിഷയ കോമ്പിനേഷനിൽ ഹയർ സെക്കൻററി പരീക്ഷ എഴുതാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ പുതിയ കോമ്പിനേഷൻ തെരഞ്ഞെടുക്കുമ്പോൾ പഴയ കോമ്പിനേഷനിൽ എഴുതി വിജയിച്ച വിഷയങ്ങൾ എഴുതേണ്ടതില്ല. ഇവർ സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്യുകയും CE,PE,TE എന്നിവ നിയമാനുസൃതം അഭിമുഖീകരിക്കുകയും ചെയ്യേണ്ടതാണ്.

**<u>അപേക്ഷകൾ സമർപ്പിക്കുന്നതു സംബന്ധിച്ച്</u>**

വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷകൾ അവസാനമായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂൾ പ്രിൻസിപ്പലിന് നിശ്ചിത ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ വിദ്യാർത്ഥി തങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിക്കേണ്ടതും അത് സ്കൂൾ പ്രിൻസിപ്പലിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വിദ്യാർത്ഥിയ്ക്ക് താൻ പഠിച്ച സ്കൂളിൽ നിന്നോ മാർച്ച് 2026 -ലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിൽ നിന്നോ അപേക്ഷാഫോറം വാങ്ങാവുന്നതാണ്.

സ്കൂൾ പ്രിൻസിപ്പൽമാർ പരീക്ഷാർത്ഥികളെ വെബ് പോർട്ടലായ hse portal വഴി ഓൺലൈനായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റുകൾ പോർട്ടലിൽ ലഭ്യമാക്കുമ്പോൾ അത് ഡൗൺലോഡ് ചെയ്തെടുത്ത് വിദ്യാർത്ഥികൾക്ക് പരീക്ഷ തുടങ്ങുന്നതിന് മൂന്ന് ദിവസം മുമ്പെങ്കിലും നൽകേണ്ടതാണ്. വിദ്യാർത്ഥി തങ്ങൾക്ക് ലഭിച്ച അഡ്മിഷൻ ടിക്കറ്റിൽ തെറ്റുകളില്ല എന്ന് ഉറപ്പുവരുത്തേണ്ടതും, ലഭിച്ച അഡ്മിഷൻ ടിക്കറ്റ് മാറിയിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ വിജ്ഞാപനം സ്കോൾ കേരള വിദ്യാർത്ഥികൾക്കും ബാധകമാണ്. സ്കൂൾ പ്രിൻസിപ്പൽ അനുബന്ധരേഖകൾ സഹിതമുള്ള അപേക്ഷകൾ വാങ്ങേണ്ടതും അപേക്ഷകളിലെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും നോമിനൽ റോളും പരീക്ഷാർത്ഥികളുടെ ചോദ്യപേപ്പർ വിശദാംശങ്ങളും, അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ അപ് ലോഡ് ചെയ്യേണ്ടതാണ്.

**ഒന്നാം വർഷ ഹയർസെക്കൻററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷാ ഫീസ്**

| റഗുലർ/ലാറ്ററൽ എൻട്രി/റീ അഡ്മിഷൻ പരീക്ഷാർത്ഥികൾക്ക് | | |
|---|---|---|
| ക്രമ നമ്പർ | ഉദ്ദേശം | ഫീസ് |
| 1 | ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷാ ഫീസ് | 175/-രൂപ (ഒരു വിഷയത്തിന്) |
| 2 | സർട്ടിഫിക്കറ്റ് ഫീസ് | 40/- രൂപ |

| കമ്പാർട്ട്മെൻറൽ പരീക്ഷാർത്ഥികൾക്ക് (രജിസ്ട്രേഷൻ) | | |
|---|---|---|
| ക്രമ നമ്പർ | ഉദ്ദേശം | ഫീസ് |
| 1 | ഒന്നാം വർഷ സപ്ലിമെൻററി പരീക്ഷാ ഫീസും മാർച്ച് 2027-ലെ രണ്ടാംവർഷ ഹയർ സെക്കൻററി പരീക്ഷാഫീസും | 225/-രൂപ (ഒരു വിഷയത്തിന്) |
| 2 | സർട്ടിഫിക്കറ്റ് ഫീസ് (രണ്ട് എണ്ണം) | 80/- രൂപ |

| റെഗുലർ/ലാറ്ററൽ എൻട്രി/റീ അഡ്മിഷൻ / കമ്പാർട്ട്മെൻറൽ/ പ്രത്യേക വിഭാഗം പരീക്ഷാർത്ഥികൾക്ക് | |
|---|---|
| ഒന്നാം വർഷ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി പരീക്ഷക്ക് മാതൃ സ്കൂളിൽ ഫീസടച്ച് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 10/09/2026 |
| സ്കൂൾ പ്രിൻസിപ്പൽമാർ ട്രഷറിയിൽ ഫീസ് ഒടുക്കേണ്ട അവസാന തീയതി | 11/09/2026 |
| 600 രൂപ ഫൈനോടുകൂടെ അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി | 15/09/2026 |
| സ്കൂൾ പ്രിൻസിപ്പൽമാർ ട്രഷറിയിൽ 600 രൂപ ഫൈനോടുകൂടെ ഫീസ് ഒടുക്കേണ്ട അവസാന തീയതി | 16/09/2026 |

| | |
|---|---|
| ഡിപ്പാർട്ട്മെൻറ് പോർട്ടൽ വഴി പരീക്ഷാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ അപ്ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി | 16/09/2026 |

പരീക്ഷാഫീസ് ഗവൺമെൻറ് ട്രഷറിയിൽ **"0202-01-102-97(02) Exam Fees"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും സർട്ടിഫിക്കറ്റ് **"0202-01-102-97 (03) Other Receipts"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും ഒടുക്കേണ്ടതാണ്.

<u>ഗൾഫ് മേഖലയിലെ പരീക്ഷാർത്ഥികൾ</u>

ഗൾഫ് മേഖലയിലെ പരീക്ഷാർത്ഥികൾക്ക് അവർ, മുമ്പ് ഒന്നാം വർഷ ഹയർ സെക്കൻററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി പരീക്ഷാർത്ഥികൾക്ക് ഗൾഫിൽ അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിലോ വിദ്യാർത്ഥി പഠിച്ച വിഷയ കോമ്പിനേഷനുള്ള കേരളത്തിലെ ഏതെങ്കിലും ഒരു പരീക്ഷാ കേന്ദ്രത്തിലോ പരീക്ഷ എഴുതാവുന്നതാണ്. കേരളത്തിലെ പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന പരീക്ഷാർത്ഥികളുടെ വിവരങ്ങൾ മാതൃസ്കൂൾ പ്രിൻസിപ്പൽ/കോ - ഓർഡിനേറ്റർ ക്രോഡീകരിച്ച് പരീക്ഷാ സെക്രട്ടറിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

പരീക്ഷാർത്ഥി പഠിച്ച ഗൾഫ് സ്കൂൾ പ്രിൻസിപ്പൽ പരീക്ഷാർത്ഥിയെ സംബന്ധിച്ചുള്ള ആവശ്യമായ വിശദാംശങ്ങളും ചോദ്യപേപ്പർ സ്റ്റേറ്റ്മെൻറും ഒന്നാം വർഷ പരീക്ഷാകേന്ദ്രത്തിലെ പ്രിൻസിപ്പലിനു, നിശ്ചിത സമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യത്തക്ക രീതിയിൽ മുൻകൂറായി നൽകേണ്ടതാണ്. കേരളത്തിൽ പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളുടെ വിശദാംശങ്ങൾ മാതൃസ്കൂൾ പ്രിൻസിപ്പൽ jdexamdhse@gmail.com ലും അയയ്ക്കേണ്ടതാണ്. ഗൾഫ് മേഖലയിലെ പരീക്ഷാകേന്ദ്രത്തിൽ ഒന്നാം വർഷ ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ നടത്തുന്നതിനുള്ള മുഴുവൻ ചിലവും ഗൾഫ് മേഖലയിലെ ഹയർ സെക്കൻററി സ്കൂളിൽ പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളെ സജ്ജമാക്കുന്ന സ്കൂളുകൾ തുല്യമായി വഹിക്കേണ്ടതാണ്.

<u>ലക്ഷദ്വീപിലെ പരീക്ഷാർത്ഥികൾ</u>

ലക്ഷദ്വീപ് മേഖലയിലെ പരീക്ഷാർത്ഥികൾക്ക് അവർ, മാർച്ച് 2026-ലെ ഒന്നാം വർഷ ഹയർ സെക്കൻററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി മേഖലയിലെ പരീക്ഷാർത്ഥികൾക്ക് മാർച്ച് 2026-ലെ പരീക്ഷാ കേന്ദ്രത്തിൽ വച്ച് തന്നെ പരീക്ഷ എഴുതാവുന്നതാണ്. ഒന്നാം വർഷ ഹയർ സെക്കൻററി ഇംപ്രൂവ്മെൻറ്/സപ്ലിമെൻററി പരീക്ഷ നടത്തിപ്പ് സംബന്ധിച്ച എല്ലാ ഉത്തരവാദിത്വവും ലക്ഷദ്വീപ് യൂണിയൻ ടെറിറ്ററി ഭരണവിഭാഗത്തിലെ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിക്ഷിപ്തമാണ് എന്ന വ്യവസ്ഥയിലാണ് ഒന്നാം വർഷ ഇംപ്രൂവ്മെൻറ് / സപ്ലിമെൻററി പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത്.

**Sd/-**
**ASHRAF KOYILOTHAN KANDIYIL**
**CHAIRMAN**
**BOARD OF HIGHER SECONDARY EXAMINATIONS, KERALA,**
**&**
**DIRECTOR OF GENERAL EDUCATION**

**Sd /-**
**Dr.K.MANICKARAJ**
**SECRETARY**
**BOARD OF HIGHER SECONDARY EXAMINATIONS, KERALA**
**&**
**JOINT DIRECTOR [EXAMINATIONS]**

**TIMETABLE FOR THE FIRST YEAR HIGHER SECONDARY IMPROVEMENT/SUPPLYMENTARY EXAMINATION – OCTOBER 2026**

| SL.NO. | DATE | SUBJECTS |
|---|---|---|
| 1. | 12/10/2026 MONDAY (FN) | PHYSICS, SOCIOLOGY, ANTHROPOLOGY |
| 2. | 12/10/2026 MONDAY (AN) | GEOGRAPHY, MUSIC, SOCIAL WORK, GEOLOGY, ACCOUNTANCY |
| 3 | 13/10/2026 TUESDAY (FN) | PART I ENGLISH |
| 4. | 14/10/2026 WEDNESDAY (FN) | MATHEMATICS, PART III LANGUAGES, SANSKRIT SASTRA, PSYCHOLOGY |
| 5. | 14/10/2026 WEDNESDAY(AN) | ECONOMICS, ELECTRONIC SYSTEMS |
| 6. | 15/10/2026 THURSDAY (FN) | PART II LANGUAGES, COMPUTER SCIENCE AND INFORMATION TECHNOLOGY |
| 7. | 15/10/2026 THURSDAY (AN) | HOME SCIENCE, GANDHIAN STUDIES, PHILOSOPHY, JOURNALISM, COMPUTER SCIENCE, STATISTICS |
| 8. | 16/10/2026 FRIDAY (FN) | CHEMISTRY, HISTORY, ISLAMIC HISTORY & CULTURE, BUSINESS STUDIES, COMMUNICATIVE ENGLISH |
| 9. | 17/10/2026 SATURDAY (FN) | BIOLOGY,ELECTRONICS,POLITICAL SCIENCE, SANSKRIT SAHITHYA, COMPUTER APPLICATION, ENGLISH LITERATURE |

**ART SUBJECTS**

| SL.NO. | DATE | SUBJECTS |
|---|---|---|
| 1. | 12/10/2026 MONDAY (FN) | MAIN |
| 2. | 13/10/2026 TUESDAY (FN) | PART I ENGLISH |
| 3 | 13/10/2026 TUESDAY (AN) | SUBSIDIARY |
| 4. | 14/10/2026 WEDNESDAY (FN) | SANSKRIT |
| 5. | 15/10/2026 THURSDAY (FN) | PART II LANGUAGES |
| 6. | 16/10/2026 FRIDAY (FN) | LITERATURE |
| 7. | 17/10/2026 SATURDAY( FN) | AESTHETIC |

**TIME OF EXAMINATION**

Subjects without Practicals( for FN Examinations) 9.30 A.M TO 12.15 P.M [IST] including Cool Off Time of 15 minutes

Subjects without Practicals( for AN Examinations) 2.00 PM TO 4.45 PM [IST] including Cool Off Time of 15 minutes

Subjects with Practicals except Biology & Music ( for FN Examinations) 9.30A.M TO 11.45 A.M [IST] including Cool Off Time 15 minutes

Subjects with Practicals except Biology & Music ( for AN Examinations) 2.00 PM TO 4.15 PM [IST] including Cool Off Time of 15 minutes

| | |
|---|---|
| Biology | 9.30 AM TO 11.55 AM [IST] including Cool Off Time (25 minutes ie., 15minutes for Botany & Zoology and 10 minutes preparatory time for Zoology) |
| Music | 2.00 P.M TO 3.45 P.M [IST] including Cool Off Time of 15 minutes |

**Sd/-**
**ASHRAF KOYILOTHAN KANDIYIL**
**CHAIRMAN**
**BOARD OF HIGHER SECONDARY**
**EXAMINATIONS, KERALA,**
**&**
**DIRECTOR OF GENERAL EDUCATION**

**Sd /-**
**Dr.K.MANICKARAJ**
**SECRETARY**
**BOARD OF HIGHER SECONDARY**
**EXAMINATIONS, KERALA**
**&**
**JOINT DIRECTOR [EXAMINATIONS]**